[illegible]

# [illegible]
# [illegible] (2019-2021)

[illegible]

## [illegible]

([illegible])

[illegible]
[illegible]
2021

പതിനാലാം കേരള നിയമസഭ

# സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-2021)

## പത്തൊൻപതാമത് റിപ്പോർട്ട്

**[കൗമാരക്കാരുടെ സമഗ്ര വ്യക്തിത്വ വികസനം സംബന്ധിച്ച്]**

(2021 ജനുവരി മാസം 18-ാം തീയതി സമർപ്പിച്ചത്)

363/2021.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

# സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-2021)

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷ</u> :

ശ്രീമതി പി. അയിഷാ പോറ്റി.

<u>അംഗങ്ങൾ</u> :

ശ്രീ. അബ്ദുൽ ഹമീദ്. പി.

ശ്രീമതി സി. കെ. ആശ

ശ്രീ. വി. ടി. ബൽറാം

ഡോ. എൻ. ജയരാജ്

ശ്രീമതി യു. പ്രതിഭ

ശ്രീ. സജി ചെറിയാൻ

ശ്രീമതി വീണാ ജോർജ്ജ്

ശ്രീ. ഇ. കെ. വിജയൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഷാനവാസ് പി. പി., ജോയിന്റ് സെക്രട്ടറി

ശ്രീ. റ്റി. എസ്. പ്രേമാനന്ദ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷീബാ വർഗീസ്, അണ്ടർ സെക്രട്ടറി.

ശ്രീ. പി. ആർ. മുരളീധരൻ, അണ്ടർ സെക്രട്ടറി.

# ആമുഖം

സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ 19-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരളത്തിലെ കൗമാരക്കാരായ കുട്ടികൾ കുറ്റകൃത്യങ്ങളുടെയും തെറ്റിന്റെയും വഴികളിലേക്ക് പോകുന്നത് തടഞ്ഞ് അവർക്ക് ആവശ്യമായ ദിശാബോധം നൽകുന്നതിനായി സമഗ്ര (ശാരീരിക, മാനസിക, ലൈംഗിക) വിദ്യാഭ്യാസ പരിപാടി നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സമിതി മുമ്പാകെ നിരവധി ഹർജികൾ ലഭിക്കുകയുണ്ടായി. കേരളത്തിൽ കൗമാരക്കാരായ പെൺകുട്ടികളുടെ ഉന്നമനത്തിനായി അംഗൻവാടികൾ മുഖേന നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നതുപോലെ കൗമാരക്കാരായ ആൺകുട്ടികളുടെ വ്യക്തിത്വ വികസനത്തിനും കൂടുതൽ പരിഗണന നൽകേണ്ടതുണ്ടെന്ന് വിലയിരുത്തിയ സമിതി, ആൺ-പെൺ വ്യത്യാസമില്ലാതെ കൗമാരക്കാരായ കുട്ടികളുടെ സമഗ്ര വ്യക്തിത്വ വികസനത്തിന് നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നത് സംബന്ധിച്ച് സാമൂഹ്യനീതി, തദ്ദേശസ്വയംഭരണം, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകളിൽ നിന്ന് റിപ്പോർട്ടാവശ്യപ്പെടുകയും വകുപ്പ് സെക്രട്ടറിമാരിൽ നിന്നും തെളിവെടുക്കുകയുമുണ്ടായി. പ്രസ്തുത വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകളുടെയും തെളിവെടുപ്പ് യോഗങ്ങളിൽ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങളുടെയും നിഗമനങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2021 ജനുവരി 11-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

പി. അയിഷാ പോറ്റി,

*അദ്ധ്യക്ഷ,*

*സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2021 ജനുവരി 18.

# റിപ്പോർട്ട്

മനുഷ്യജീവിതത്തിന്റെ ബാല്യം, കൗമാരം, യൗവ്വനം, വാർദ്ധക്യം എന്നീ നാല് അവസ്ഥകളിൽ ഏറ്റവും നിർണ്ണായകവും ഒട്ടനവധി സങ്കീർണ്ണതകൾ നിറഞ്ഞതുമായ അവസ്ഥയാണ് കൗമാരം. ആൺ-പെൺ വ്യത്യാസമില്ലാതെ കൗമാരക്കാരുടെ മാനസികവും ശാരീരികവും ലൈംഗികവുമായ ആരോഗ്യ സംരക്ഷണത്തിന് ലോകാരോഗ്യ സംഘടന മുൻഗണന നൽകിവരുന്നുവെങ്കിലും നമ്മുടെ സമൂഹം ഇവരുടെ പ്രശ്നങ്ങൾക്ക് അർഹിക്കുന്ന പരിഗണന നൽകുന്നതായി കാണുന്നില്ല.

2. ലോകാരോഗ്യ സംഘടനയുടെ നിർവ്വചന പ്രകാരം 10 വയസ്സ് മുതൽ 19 വയസ്സ് വരെയുള്ള കാലഘട്ടമാണ് കൗമാരാവസ്ഥയായി കണക്കാക്കുന്നത്. വ്യക്തിയുടെ വളർച്ചയുടെയും വികാസത്തിന്റെയും പ്രധാനപ്പെട്ട ഘട്ടമാണ് ബാല്യത്തിൽ നിന്നും കൗമാരത്തിലേക്ക് പ്രവേശിക്കുന്ന കാലയളവ്. പലവിധ പ്രശ്നങ്ങളുടെ കാരണവും പരിഹാര മാർഗ്ഗവും അറിയാതെ ഉഴറുന്ന ഘട്ടമാണിത്. ശാരീരികവും മാനസികവും സാമൂഹികവും ആയ കാരണങ്ങൾ കൗമാരക്കാരുടെ പ്രശ്നങ്ങൾക്ക് പിന്നിലുണ്ട്. വളർച്ചയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങളും സാമൂഹിക ഇടപെടലുകളും ലൈംഗിക ഹോർമോണുകളുടെ ഉൽപ്പാദനവും ആണ് പ്രധാന ശാരീരിക കാരണങ്ങൾ. ബുദ്ധി വികസനത്തിന്റെയും ചിന്താരീതിയിലെ വ്യതിയാനങ്ങളുടെയും കാലഘട്ടമാണത്. പഠനത്തിന്റെയും തൊഴിൽ കണ്ടെത്തുന്നതിനുള്ള ശരിയായ കോഴ്സുകൾ തെരഞ്ഞെടുക്കേണ്ടതിന്റെയും മാനസിക സമ്മർദ്ദവും മിടുക്കരായ മറ്റു കുട്ടികളുമായുള്ള താരതമ്യപ്പെടുത്തലും കൗമാരക്കാരുടെ വേവലാതി കൂട്ടുന്നു.

3. കുട്ടികളുടെയും കൗമാരക്കാരുടെയും ആരോഗ്യ സംരക്ഷണത്തിൽ വിദ്യാഭ്യാസത്തിന് നിർണ്ണായകമായ പങ്കുവഹിക്കാൻ കഴിയുമെന്നും ഒരു വ്യക്തിയുടെ ജീവിതത്തെ സമഗ്രമായി സ്വാധീനിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഏറ്റവും പ്രധാനപ്പെട്ട സാമൂഹിക സ്ഥാപനം വിദ്യാലയമാണ് എന്നും സമിതി നിരീക്ഷിക്കുന്നു. സ്കൂൾ ജീവിതത്തിൽ കൈവരിക്കുന്ന ശൈലിയും ശീലങ്ങളും നേട്ടങ്ങളും അതുവഴി നേടുന്ന ജീവിത സംതൃപ്തിയുമാണ് ഭാവി ജീവിതത്തിന്റെ ദൈർഘ്യത്തിന്റെയും ശാരീരികവും മാനസികവുമായ ആരോഗ്യത്തിന്റെയും ചാലകശക്തി. പാഠ്യവിഷയങ്ങളിൽ കരസ്ഥമാക്കുന്ന ഉയർന്ന അറിവ്, കായിക രംഗത്തും കലാരംഗത്തും കൈവരിക്കുന്ന നേട്ടങ്ങൾ, ഉത്തമസ്വഭാവ സവിശേഷതകൾ, സമൂഹത്തിലെ വിവിധ പ്രശ്നങ്ങളോട് പൊരുതുവാനുള്ള ആർജ്ജവം എന്നിവ സ്കൂൾ കാലത്തു നിന്നും ലഭിക്കുന്നതാണ്. കുട്ടികൾക്ക് താൽപ്പര്യമുള്ള പലതരം പാഠ്യേതര പ്രവർത്തനങ്ങളിൽ വ്യാപൃതരാക്കിയും അതിലേക്ക് ശ്രദ്ധതിരിച്ചുവിട്ടും ആത്മവിശ്വാസം വളർത്തിയും കുട്ടികളുടെ സ്വഭാവം രൂപപ്പെടുത്താൻ ഏറ്റവും കൂടുതൽ അവസരം ലഭിക്കുന്നത് വിദ്യാലയത്തിലാണ്. ഭാവി രാഷ്ട്രത്തെ നിലനിർത്തുന്ന പൗരന്മാരെ സൃഷ്ടിക്കുകയാണ് വിദ്യാലയത്തിന്റെ കർത്തവ്യം.

4. കൗമാരക്കാരെ സംബന്ധിച്ചിടത്തോളം കൗമാരദശ മാനസിക സംഘർഷങ്ങളുടെയും കാലഘട്ടമാണ്. ലൈംഗിക ജീവിതത്തെ കുറിച്ചുള്ള ശരിയായ കാഴ്ചപ്പാടുകൾക്കും സംശയ ദൂരീകരണങ്ങൾക്കും ആർത്തവം പോലെയുള്ള ശാരീരിക പ്രതിഭാസങ്ങൾ സൃഷ്ടിക്കുന്ന ഭയപ്പാടുകൾ മാറ്റി വ്യക്തിശുചിത്വം ഉറപ്പുവരുത്തുന്നതിനും ഊന്നൽ നൽകേണ്ടതുണ്ട്. മൊബൈൽ ഫോണിന് അടിമപ്പെട്ട പല മാതാപിതാക്കളും ഇതിനെപ്പറ്റി ശ്രദ്ധിക്കാറു പോലുമില്ല. ഇഫക്ടീവ് പാരന്റിംഗിനെക്കുറിച്ച് മാതാപിതാക്കൾക്ക് ബോധവൽക്കരണം നടത്തേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു. ഇതിനായി ഹൈസ്കൂൾ തലം മുതലുള്ള കുട്ടികളുടെ മാതാപിതാക്കൾക്ക് സ്കൂൾ കൗൺസിലറുടെ സേവനം ഉപയോഗപ്പെടുത്തിക്കൊണ്ട് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. എം.ബി.ബി.എസ്., എഞ്ചിനീയറിംഗ്, സിവിൽ സർവ്വീസ് പ്രവേശന പരീക്ഷകളിൽ മക്കൾക്ക് ഉയർന്ന വിജയം ഉറപ്പാക്കാൻ ചില മാതാപിതാക്കൾ ചെലുത്തുന്ന സമ്മർദ്ദം വളരെ വലുതാണ്. കളികളിൽ ഏർപ്പെടുന്നതിനോ വിശ്രമിക്കുന്നതിനോ അനുവാദം നൽകാതെ പുലർകാലം മുതൽ രാത്രിവരെ ക്ലാസ്സുകളും ട്യൂഷനും മക്കൾക്ക് സമ്മാനിക്കുന്ന മാതാപിതാക്കൾ, തങ്ങളുടെ മക്കളെ മാനസിക രോഗങ്ങളിലേക്കുവരെ എത്തിക്കുന്നു. സമൂഹത്തിലെ വിവിധ തൊഴിൽ മേഖലകളെയും, അവയ്ക്കു വേണ്ട യോഗ്യതകളെയും കുറിച്ചും നവീന യുഗത്തിലെ തൊഴിൽ സാധ്യതകളെ കുറിച്ചും കുട്ടികൾക്കും മാതാപിതാക്കൾക്കും Career Guidance ശിൽപ്പശാലകൾ സർക്കാർ/എയ്ഡഡ്/സ്വകാര്യ ഭേദമന്യേ സ്കൂൾ തലങ്ങളിൽ സംഘടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. പ്രണയത്തിന്റെ നാമ്പുകൾ മൊട്ടിടുന്നത് കൗമാരകാലഘട്ടത്തിലാണ്. പ്രണയനൈരാശ്യം പല കുട്ടികൾക്കും ഉൾക്കൊള്ളാൻ കഴിയാതെ വരികയും അതവരെ ആത്മഹത്യയിലേക്ക് എത്തിക്കുകയും ചെയ്യുന്നു. അതുപോലെ തന്നെ പ്രണയം തിരസ്കരിക്കുന്നയാളോട് തോന്നുന്ന വൈരാഗ്യം പലപ്പോഴും അവരെ ആക്രമിക്കുകയും കൊലപ്പെടുത്തുകയും ചെയ്യുന്നതിൽവരെ ചെന്നെത്തുന്നു. കൗമാരദശയിലുള്ള കുട്ടികൾക്ക് കൃത്യമായ മാർഗ്ഗദർശനം നൽകുന്നതിന് അദ്ധ്യാപകർ തയ്യാറാകുക വഴി കുട്ടികളെ ആത്മഹത്യയിൽ നിന്നും ഇത്തരം അക്രമ പ്രവണതകളിൽ നിന്നും പിന്തിരിപ്പിക്കാൻ സാധിക്കും.

7. കൗമാരക്കാരെ ഏറ്റവുമധികം ബാധിക്കുന്ന വിഷയമാണ് സമൂഹമാധ്യമങ്ങളോടുള്ള വിധേയത്വം. ഫെയ്സ്ബുക്ക്, വാട്ട്സ് ആപ്പ് എന്നിവയിൽ സുഹൃത്തുക്കളെയും സുഹൃത്തുക്കളാകാൻ ആഗ്രഹിക്കുന്നവരെയും പരിചയപ്പെട്ടുതുടങ്ങുന്ന കൗമാരക്കാർ തങ്ങളുടെ വ്യക്തിപരമായ എല്ലാ വിവരങ്ങളും ഇത്തരം സമൂഹമാധ്യമങ്ങളിലൂടെ പങ്കുവയ്ക്കുന്നു. ഇന്റർനെറ്റ് വഴിയുള്ള സാമൂഹിക നെറ്റ്‌വർക്കിംഗ് വേദികൾ ഉപയോഗിക്കുന്നതിൽ ഇവർ ഹരം കണ്ടെത്തുന്നു. ഫെയ്സ്ബുക്ക് ശീലമാക്കിയവരിൽ ഗണ്യമായൊരു വിഭാഗം

അതിനടിമപ്പെടുകയും സങ്കീർണ്ണമായ സാമൂഹികവും മാനസികവുമായ പ്രതിസന്ധികളിൽ അകപ്പെടുകയും ചെയ്യാറുണ്ട്. അനന്തമായ ആശയവിനിമയ സാധ്യതയാണ് ഇന്റർനെറ്റ് ലോകത്തിന് മുന്നിൽ തുറന്നിടുന്നത്. ഗുണപരമായ ഇന്റർനെറ്റ് വിപ്ലവം അതുപോലെതന്നെ ദോഷവും സൃഷ്ടിക്കുന്നുണ്ട്. മനുഷ്യന്റെ ജീവിതശൈലിയെത്തന്നെ മാറ്റിമറിക്കാൻ കഴിയുന്ന ഇന്റർനെറ്റിലൂടെ വ്യക്തിത്വ ഹാനികരമായ പലതും കടന്നുവരാനും സാഹചര്യമുണ്ട്. ഏതുതരം വാർത്തയും ഇന്റർനെറ്റ് വഴി ലഭ്യമാകുന്നതിനാൽ വ്യാജ വാർത്തകളും അശ്ലീല ചിത്രങ്ങളും ഇതുവഴി പ്രചരിപ്പിക്കപ്പെടുന്നു. നിയമനടപടികൾ ക്ഷണിച്ചുവരുത്തുന്ന ഇത്തരം വാർത്തകളും ചിത്രങ്ങളും ലൈക്ക് ചെയ്യുകയും ഷെയർ ചെയ്യുകയും ചെയ്യുന്ന പല കൗമാരക്കാരും ഇതിന്റെ നിയമവശങ്ങൾ അറിയാത്തവരാണ്. സൈബർ ലോകവുമായി ബന്ധപ്പെട്ട എല്ലാ ഇടപെടലുകളും വിവേകപൂർണ്ണമായിരിക്കണമെന്നതിനാൽ ഓരോ സ്കൂളിലും കലാലയങ്ങളിലും സമൂഹമാധ്യമങ്ങളുടെ ഗുണവും ദോഷവും, നിയമനടപടികളെ കുറിച്ച് അവബോധവും സൃഷ്ടിക്കുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി.മിഷൻ തയ്യാറാക്കിയിട്ടുള്ളതും 10 വീഡിയോ മോഡ്യൂളുകൾ ഉള്ളതുമായ സെർട്ട്-കേരള എന്ന ഓൺലൈൻ സൈബർ സുരക്ഷാ ബോധവൽക്കരണ പോർട്ടൽ (https//lms.kerala.gov.in) പ്രയോജനപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. കുട്ടികൾ അനുഭവിക്കുന്ന സ്വഭാവ-വൈകാരിക-പഠന-മാനസികാരോഗ്യ-സാമൂഹിക വെല്ലുവിളികൾ സ്കൂൾ തലത്തിൽ അദ്ധ്യാപകരുടേയും രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും കൂട്ടായ്മയിൽ ശാസ്ത്രീയമായി കണ്ടെത്തി പരിഹരിക്കുന്നതിനും കുട്ടികളിലെ ജീവിത നൈപുണികൾ ശക്തിപ്പെടുത്തുന്നതിനുമായി വനിത-ശിശുവികസന വകുപ്പിന് കീഴിൽ നടത്തിവരുന്ന 'ഔർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒ.ആർ.സി.)' എന്ന പദ്ധതി കേവലം 304 സ്കൂളുകളിൽ മാത്രം ഒതുങ്ങി നിൽക്കുന്നുവെന്നും പട്ടികവർഗ്ഗ വകുപ്പിന്റെ സഹായത്തോടെ 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ കൂടി ഇത് വ്യാപിപ്പിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനത്താകമാനമുള്ള സ്കൂളുകളിൽ കേവലം 324 സ്കൂളുകളിൽ മാത്രം പദ്ധതി നടപ്പാക്കുന്നതുകൊണ്ട് പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ നേടുവാൻ കഴിയില്ല എന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത പദ്ധതി സംസ്ഥാനത്തൊട്ടാകെയുള്ള, കുറഞ്ഞത് 500 വിദ്യാർത്ഥികളെങ്കിലും പഠിക്കുന്ന, സ്കൂളുകളിലേക്ക് വ്യാപിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടിയാവണമെന്നും ഇതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങളും ഉദ്യോഗസ്ഥർക്കുള്ള പരിശീലനവും വനിത-ശിശുവികസന വകുപ്പ് നൽകേണ്ടതും ഓണറേറിയം പോലുള്ള ചെലവുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തന്നെ വഹിക്കേണ്ടതുമാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

9. കൂടാതെ Our responsibility to children, Student Police Cadet എന്നീ പദ്ധതികളിൽ പങ്കെടുക്കാവുന്ന കുട്ടികളുടെ എണ്ണത്തിന് പരിമിതികളുള്ളതിനാൽ എല്ലാ കുട്ടികൾക്കും പങ്കെടുക്കാൻ കഴിയില്ലെന്നും ആയതിനാൽ ബാക്കിയുള്ള കുട്ടികൾക്കുകൂടി പങ്കെടുക്കാൻ കഴിയുന്ന തരത്തിൽ മറ്റു പദ്ധതികൾ ആവിഷ്കരിക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

10. കൗമാരക്കാരായ കുട്ടികളിൽ നല്ലൊരു ശതമാനം ലഹരിയുടെ കെണിയിൽ അകപ്പെട്ടിട്ടുണ്ട്. ചെറുപ്രായത്തിൽ അവഗണിക്കപ്പെടുന്നവർ, ചൂഷണം ചെയ്യപ്പെട്ടവർ തുടങ്ങിയവരിൽ ലഹരി ഉപയോഗ സാധ്യത വളരെ കൂടുതലാണ്. ഈ പ്രായത്തിൽ ബുദ്ധിയേക്കാൾ കൂടുതൽ വികാരങ്ങളാണ് കുട്ടികളെ നയിക്കുന്നത്. തന്റെ കൂട്ടുകാരെയും ദൃശ്യമാധ്യമങ്ങളിൽ കാണുന്ന കഥാപാത്രങ്ങളെയും അനുകരിക്കാനും അതിനുവേണ്ടി എന്തുവേണമെങ്കിലും ചെയ്യാൻ വരെ ഇവർ തയ്യാറാകുന്നു. വിദ്യാലയങ്ങളുടെ പരിസരത്ത് പുകയില ഉല്പന്നങ്ങളുടെയും മദ്യം തുടങ്ങിയ ലഹരി വസ്തുക്കളുടെയും വില്പന നിരോധിച്ചിട്ടുണ്ടെങ്കിലും സ്കൂൾ പരിസരത്ത് മദ്യമെത്തിക്കുവാനും കഞ്ചാവ്, ഹാഷിഷ് തുടങ്ങിയ മയക്കുമരുന്നുകൾ വിതരണം ചെയ്യുവാനും ലോബികൾ ഉള്ളതായി സമീപകാലത്ത് വന്ന പല വാർത്തകളിൽ നിന്നും സമിതി മനസ്സിലാക്കുന്നു. ഔർ റെസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ, സ്റ്റുഡന്റ് പോലീസ് കേഡറ്റ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയ സ്കൂളുകളിൽ ഇക്കാര്യത്തിൽ വലിയ തോതിലുള്ള മാറ്റങ്ങൾ ഉണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. കേന്ദ്രസർക്കാരിന്റെ 'National Action Plan for drug demand reduction' എന്ന പദ്ധതി പ്രധാനമായും സ്കൂളുകളിൽ പഠിക്കുന്ന കൗമാരക്കാരായ ആൺകുട്ടികളെ ഉദ്ദേശിച്ചിട്ടുള്ളതാണെന്നും എക്സൈസ്, ആരോഗ്യ കുടുംബക്ഷേമം, സാമൂഹ്യനീതി, ആഭ്യന്തരം എന്നീ വകുപ്പുകൾ ചേർന്ന് നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയിൽ ലഹരി ഉപയോഗത്തിനെതിരെയുള്ള ബോധവൽക്കരണത്തോടൊപ്പം outreach programmes, peer-led intervention programme മുതലായവ ഉൾപ്പെടുന്നുണ്ടെന്നും 'വിമുക്തി' പദ്ധതിയുടെ ഭാഗമായി 14 ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം വളരെക്കുറച്ച് സ്കൂളുകളിൽ മാത്രമേ നടപ്പിലാക്കുവാൻ സാധിക്കുന്നുള്ളുവെന്നും സമിതി നിരീക്ഷിക്കുന്നു. അതുപോലെ കൗമാരക്കാരായ പെൺകുട്ടികൾക്കുള്ള 'school dropout prevention' പദ്ധതിയിൽ 550 ഓളം കുട്ടികളെ മാത്രമേ ഉൾപ്പെടുത്തുവാൻ കഴിഞ്ഞിട്ടുള്ളു എന്നതും വലിയ പോരായ്മയാണ്. കൂടാതെ കൗമാരക്കാരായ ആൺകുട്ടികളെ ഹാൻസ്, പാൻപരാഗ് മുതലായ പുകയില ഉൽപ്പന്നങ്ങളുടെ വിതരണത്തിനും മറ്റ് നിയമ വിരുദ്ധ പ്രവർത്തനങ്ങൾക്കും ഉപയോഗിച്ചുവരുന്നതായും സമിതി മനസ്സിലാക്കുന്നു. പൊലീസ്, എക്സൈസ് വകുപ്പുകളിലെ ഉദ്യോഗസ്ഥർ നിരന്തരം പരിശോധനകൾ നടത്തുന്നുണ്ടെങ്കിലും ഇവ പൂർണ്ണമായും ഫലവത്താകുന്നില്ലെന്നും ഇൻഫോർമർമാർ പലപ്പോഴും ആക്രമിക്കപ്പെടുകയും

കൊല്ലപ്പെടുകയും ചെയ്യുന്നതായും സമിതിക്ക് ലഭിച്ച പല പരാതികളിലൂടെയും വ്യക്തമാകുന്നു. ഇത്തരം കേസുകളിൽ പിടിക്കപ്പെടുന്ന കൗമാരക്കാരായ കുട്ടികൾക്ക് വ്യക്തമായ ദിശാബോധം നൽകി ജീവിതത്തിന്റെ നേർവഴിയിലേക്ക് അവരെ നയിക്കുവാൻ നടപടികളുണ്ടാകണമെന്നും ഇൻഫോർമർമാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. മദ്യവും ലഹരിവസ്തുക്കളും ഉപയോഗിക്കുന്ന കുട്ടികളുടെ വിവരം ശേഖരിക്കുന്നതിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.സി.സി., എൻ.എസ്.എസ്. എന്നിവയുടെ സേവനം ഉപയോഗപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

11. കൗമാരക്കാരായ കുട്ടികളുടെ ശരിയായ ദിശയിലുള്ള വളർച്ചയ്ക്ക് അവരുടെ കായിക ശേഷിയും ആരോഗ്യവും നല്ല രീതിയിൽ തന്നെ നിലനിർത്തേണ്ടതിനോടൊപ്പം കുട്ടികളുടെ നൈസർഗ്ഗികമായ കഴിവുകൾ പരിപോഷിപ്പിക്കേണ്ടതും ആവശ്യമാണ് എന്ന് സമിതി കരുതുന്നു. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ഈ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതിന്റെ ഭാഗമായി എല്ലാ വിദ്യാലയങ്ങളിലും കായിക പഠനക്ലാസ്സുകൾ ഉണ്ടാകേണ്ടതുണ്ട്. നിലവിലെ സാഹചര്യത്തിൽ കുട്ടികൾക്ക് കളിക്കാനുള്ള യാതൊരു അവസരവും ലഭിക്കുന്നില്ലെന്നും സംസ്ഥാനത്തെ 14000 സ്കൂളുകളിലുംകൂടി 2500-ൽ താഴെ കായികാദ്ധ്യാപകർ മാത്രമാണുള്ളതെന്നും കായികാദ്ധ്യാപകർ ഉള്ള സ്കൂളുകളിൽപോലും പലപ്പോഴും കുട്ടികൾക്ക് കളിക്കാനുള്ള അവസരം ലഭിക്കാറില്ലെന്നും ഇതുമൂലമാണ് കുട്ടികൾ ലഹരി വസ്തുക്കളുടെ ഉപയോഗത്തിലേക്കും മറ്റും വഴിതെറ്റിപോകുന്നത് എന്നും സമിതി വിലയിരുത്തുന്നു. പത്താം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ദിവസവും ഒരു മണിക്കൂറും ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് ആഴ്ചയിൽ കുറഞ്ഞത് ഒരു മണിക്കൂറും കളിക്കാൻ അവസരം നൽകണമെന്നും രക്ഷിതാക്കളുടെ മനോഭാവവും മാറേണ്ടതുണ്ടെന്നും സമിതി കരുതുന്നു. എന്നാൽ എല്ലാ വിദ്യാലയങ്ങളിലും കായിക അദ്ധ്യാപകരെ നിയോഗിക്കുക എന്നത് പ്രായോഗികമല്ലാത്തതിനാൽ, പ്രൊട്ടക്റ്റഡ് അദ്ധ്യാപകരിൽ നിന്നും ഈ മേഖലയിൽ താല്പര്യമുള്ളവർക്ക് പരിശീലനം നൽകി പുനർവിന്യസിക്കുകയോ അല്ലെങ്കിൽ വിദ്യാലയങ്ങൾക്ക് അടുത്തായിട്ടുള്ള അംഗീകൃത ക്ലബ്ബിൽ നിന്നോ സ്പോർട്സ് കൗൺസിലിൽ നിന്നോ ദിവസവേതനാടിസ്ഥാനത്തിലോ ഓണറേറിയം നല്കിയോ ഒരു കായികാദ്ധ്യാപകനെ നിയമിച്ച് ആഴ്ചയിൽ ഒരു മണിക്കൂറെങ്കിലും വിദ്യാർത്ഥികൾക്ക് പരിശീലനം നൽകണമെന്നും പ്രസ്തുത പരിശീലനം വിവിധ കായിക ഇനങ്ങളിൽ നൽകുവാൻ ശ്രദ്ധിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

12. എല്ലാ സ്കൂളുകളിലും മൈതാനങ്ങൾ നിർമ്മിക്കുന്നതും സ്പോർട്സ് കോംപ്ലക്സുകൾ സ്ഥാപിക്കുന്നതും സ്ഥല പരിമിതിയും സാമ്പത്തിക പരിമിതിയുംമൂലം അപ്രായോഗികമാണ് എന്നതിനാൽ എം.പി./എം.എൽ.എ./തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് നിലവിൽ അൺ എക്കണോമിക് അവസ്ഥയിലുള്ള സ്കൂളുകളിൽ ഒരു സ്പോർട്സ് കോംപ്ലക്സ് സ്ഥാപിച്ച് അവിടെ ക്ലസ്റ്റർ വ്യവസ്ഥയിൽ (10-20 സ്കൂളുകൾ)

മറ്റു വിദ്യാലയങ്ങളിലെ കുട്ടികൾക്കുകൂടി കായിക പരിശീലനം നൽകുകയും ആഴ്ചയിലൊരിക്കൽ രണ്ട് മണിക്കൂർ എങ്കിലും കളിക്കാനുള്ള അവസരം ഒരുക്കുകയും ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ കുട്ടികൾ ഉപയോഗിക്കാത്ത സമയങ്ങളിൽ ഇവ പൊതുജനങ്ങൾക്ക് നിശ്ചിത ഫീസോടെ തുറന്ന് നൽകുന്നത് പ്രസ്തുത സ്കൂളുകൾക്ക് സാമ്പത്തികമായി നേട്ടമുണ്ടാക്കുന്നതിന് ഉതകുമെന്നതിനാൽ ആയതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലങ്ങൾക്കായി സ്ഥലം വാങ്ങുന്നതിന് എം.എൽ.എ./എം.പി. ഫണ്ട് അനുവദിക്കുന്നതിൽ നിലവിലുള്ള നിയമങ്ങളിൽ ഇളവുവരുത്തുന്നകാര്യം പരിഗണിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

13. ജലാശയങ്ങൾ ഒട്ടനവധിയുള്ള നമ്മുടെ സംസ്ഥാനത്ത് മുങ്ങിമരണങ്ങളുടെ എണ്ണം കൂടി വരുന്നു. ഇതിൽ കൂടുതലും കൗമാരക്കാരായ ആൺകുട്ടികളാണെന്നു കാണാം. പ്രളയസാധ്യതകൾ കൂടി വരുന്ന ഇക്കാലത്ത്, കുട്ടികളുടെ നീന്തൽ അഭ്യസനം ഉറപ്പുവരുത്തിയേ തീരൂ. ഇതിനായി ഒരു പഞ്ചായത്തിൽ ഒരു കുളമെങ്കിലും സജ്ജീകരിച്ച് ആവശ്യമായ പരിശീലകരെ നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. കുട്ടികൾ ദിവസവും ക്ലാസ്റൂമിലേയ്ക്ക് പോകുന്നതിന് മുമ്പ് "വാം അപ്പ്" വ്യായാമങ്ങൾ നിർബന്ധമായും ചെയ്യുന്നത് അവരുടെ രക്തചംക്രമണം ശരിയായ രീതിയിൽ നിലനിർത്തുന്നതിനും ക്ലാസ്സുകളിൽ കുട്ടികൾക്ക് കൂടുതൽ ക്രിയാത്മകമായി ഇടപെടുന്നതിന് സഹായമാകുകയും ചെയ്യുമെന്നതിനാൽ ഇത് നടപ്പാക്കുന്നതിൽ ശ്രദ്ധ പുലർത്തണമെന്ന് പ്രധാന അദ്ധ്യാപകർക്ക് നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. അവധി ദിനങ്ങൾ, വെക്കേഷൻ തുടങ്ങിയ കാലയളവിൽ സ്കൂളുകളിൽ നിന്നുള്ള പോഷകാഹാരം ലഭിക്കാത്തതിനാൽ ഭക്ഷണം ലഭിക്കാതിരിക്കുന്ന നിരവധി കുട്ടികളുമുണ്ട് എന്ന് സമിതി മനസ്സിലാക്കുന്നു. അത്തരം കുട്ടികളെ കണ്ടെത്തി സ്പോർട്സ് ക്ലബ്ബിൽ അംഗമാക്കി രാവിലെ കളിക്കുന്നതിനും പ്രാതൽ നൽകുന്നതിനുമുള്ള നടപടി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. സ്കൂളുകളിലേക്കുള്ള യാത്രാമധ്യേ കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നതായ വാർത്തകൾ കണ്ടുവരുന്നു. പണം മുടക്കി കരാട്ടേ പോലുള്ള കോഴ്സുകൾ എല്ലാ കുട്ടികൾക്കും പഠിക്കാൻ സാധിക്കുകയില്ല. കുട്ടികൾക്കായി സ്വയരക്ഷയ്ക്കുള്ള പരിശീലനം പോലീസുദ്യോഗസ്ഥർ വഴി നല്കുന്നതിനുള്ള പദ്ധതികളുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഇത്തരം പരിശീലനം എല്ലാ സ്കൂളുകളിലും സൗജന്യമായി നല്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ പദ്ധതികൾ നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. അപക്വമായ കൗമാര ജീവിതമാണ് കുട്ടികൾ നേരിടുന്ന മറ്റൊരു പ്രശ്നം. ശൈശവ ബാല്യകാലങ്ങളിൽ പ്രായത്തിനനുസൃതമായ സ്വാതന്ത്ര്യം കിട്ടാത്ത വിധത്തിൽ അമിത നിയന്ത്രണത്തിൽ കുട്ടികളെ വളർത്തുന്ന പല മാതാപിതാക്കളുമുണ്ട്. ഇങ്ങനെ വളരുന്ന കുട്ടികൾക്ക് വ്യക്തിത്വ രൂപവത്കരണത്തിൽ പ്രശ്നങ്ങളുണ്ടാകും. മാതാപിതാക്കൾ വരയ്ക്കുന്ന വൃത്തത്തിൽ മാത്രം ഒതുക്കി കൂട്ടിലടച്ച കിളിയെപ്പോലെ വളർത്തിയാൽ കുട്ടികൾക്ക് ആത്മവിശ്വാസവും സ്വയം എന്തെങ്കിലുമൊക്കെ ചെയ്യാനുള്ള ആവേശവുമൊക്കെ കുറഞ്ഞുപോകും. കായികവും കലാപരവും സാഹിത്യപരവുമായ കഴിവുകൾക്ക് പ്രോത്സാഹനം നൽകുവാനും അനുഭവങ്ങളിലൂടെ ജീവിതപാഠങ്ങൾ നേടിയെടുക്കാനുമുള്ള ഉത്തേജനം നൽകുന്നവരാകണം മാതാപിതാക്കൾ.

18. പ്രായപൂർത്തിയാകുന്നതിന് മുൻപുതന്നെ പിടിവാശി മുഖേനയും മാതാപിതാക്കളെ ഭീഷണിപ്പെടുത്തിയും ടു-വീലർ സ്വന്തമാക്കുന്ന കൗമാരക്കാരുണ്ട്. മക്കൾ വളരെ ചെറുപ്പത്തിൽ വാഹനമോടിക്കുന്നത് അഭിമാനമായി കരുതുന്ന മാതാപിതാക്കളുമുണ്ട്. അപക്വമായ മനസ്സോടെ നിയമങ്ങൾ പാലിക്കാതെ വാഹനമോടിക്കുന്ന ഇത്തരക്കാരിൽ മിക്കവരും അധികം വൈകാതെ ഗുരുതരമായ അപകടത്തിൽപ്പെടുകയോ തന്മൂലം മരണപ്പെടുകയോ ചെയ്യുന്നതായി കാണാം. പ്രായപൂർത്തിയാകാത്തതിനാൽ അപകടവേളയിൽ ഇൻഷ്വറൻസ് പരിരക്ഷയും ലഭിക്കാറില്ല. ഇത്തരത്തിൽ വാഹനമോടിച്ച് മറ്റൊരാൾ മരണപ്പെട്ടാൽ മനഃപൂർവ്വമായ നരഹത്യ ഉൾപ്പെടെ ഗൗരവമായ വകുപ്പുകൾ ചേർത്ത് കേസ് രജിസ്റ്റർ ചെയ്യണമെന്നും സ്കൂൾ പി.ടി.എ. മുഖേന ഇക്കാര്യങ്ങളെക്കുറിച്ചുകൂടി മാതാപിതാക്കൾക്കും അവബോധം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

19. എതിർലിംഗത്തിൽപ്പെട്ടവരുമായും ഗ്രൂപ്പുചേർന്നുമുള്ള ഇടപെടലുകൾ കൗമാര കാലഘട്ടത്തിലെ സ്വഭാവ സവിശേഷതയാണ്. ഗ്രൂപ്പുചേർന്നുള്ള പെൺകുട്ടികളുടെ പ്രവർത്തനങ്ങൾ അവരുടെ ആത്മവിശ്വാസം വളർത്തിയെടുക്കുന്നതിന് ഉപകരിക്കുമ്പോൾ, ആൺകുട്ടികൾ ഒരുമിച്ച് ചേർന്നുള്ള പ്രവർത്തനങ്ങളിലും മത്സരങ്ങളിലുമായിരിക്കും താൽപ്പര്യം പ്രകടിപ്പിക്കുക. രണ്ടു പേർ വീതം ചേർന്നുള്ള കൂട്ടുകെട്ടാണ് (One to One friendships) ഈ കാലഘട്ടത്തിൽ കുട്ടികൾ കൂടുതലായി ഇഷ്ടപ്പെടുക. അതിനാൽതന്നെ ഇവരിലൊരാൾക്ക് വന്നുഭവിക്കുന്ന വേദനകളും വിഷമങ്ങളും സന്തത സഹചാരിയായ സുഹൃത്തിനെയും കാര്യമായി സ്വാധീനിക്കുന്നു. കൗമാരക്കാരായ പെൺകുട്ടികളിലാണ് ഇത് കൂടുതലും കണ്ടുവരുന്നത്. പ്രണയ നൈരാശ്യവും സഹപാഠികളുടെ കളിയാക്കലും പരീക്ഷകൾക്ക് മാർക്ക് കുറയുന്നതും ടീച്ചർമാരുടെ ശകാരവും സ്കൂളിൽ നിന്നുള്ള വിടവാങ്ങലും കൗമാരക്കാരായ കുട്ടികളെ വളരെ വേദനിപ്പിക്കുന്നു. ഓരോ അദ്ധ്യാപകരും തന്റെ വിദ്യാർത്ഥികളുടെ കുടുംബ പശ്ചാത്തലം, ജീവിത സാഹചര്യങ്ങൾ, സാമ്പത്തികാവസ്ഥ എന്നിവയെ കുറിച്ചെല്ലാം ബോധ്യമുള്ളവരായിരിക്കണം എന്ന് സമിതി അഭിപ്രായപ്പെടുന്നു.

20. സ്കൂളുകളിലെ കൗമാരപ്രായക്കാരായ വിദ്യാർത്ഥിനികൾക്ക് കൗൺസിലിംഗും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിനുവേണ്ടിയുള്ള പദ്ധതിക്കായി 2,680 ലക്ഷം രൂപയും സ്കൂളിൽ പോകാത്ത 11 മുതൽ 14 വയസ്സുവരെയുള്ള കൗമാരക്കാരായ പെൺകുട്ടികളുടെ ആരോഗ്യ പോഷകാഹാര നിലവാരവും നൈപുണ്യവികസനവും ഉയർത്തുന്നതിന് ലക്ഷ്യമിട്ടുള്ള പദ്ധതിക്കായി 500 ലക്ഷം രൂപയും 2020-2021 സാമ്പത്തികവർഷം ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. എന്നാൽ കൗമാരക്കാരായ ആൺകുട്ടികളുടെ ശാക്തീകരണത്തിനായി മാത്രം പ്രത്യേക പദ്ധതികൾ സാമൂഹ്യനീതി വകുപ്പിന് ഇല്ലെന്ന് സമിതി നിരീക്ഷിക്കുന്നു. എന്നാൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കുന്ന 'ഉല്ലാസ പറവകൾ' എന്ന പദ്ധതിയിൽ 8 മുതൽ 12 വരെ ക്ലാസ്സുകളിലുള്ള എല്ലാ കൗമാരക്കാർക്കുമായി പരിസര ശുചിത്വം, ആഹാരവും പോഷണവും, സ്വയംക്രമീകരണം തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. കൂടാതെ മിക്ക ഗ്രാമപഞ്ചായത്തുകളിലും ബാലപഞ്ചായത്തുകളും ബാലപാർലമെന്റുകളും നിലവിലുണ്ടെങ്കിലും അഡോലസെന്റ് ബോയ്സ് ക്ലബ്ബുകൾ രൂപീകരിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കൗമാരക്കാരായ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സമഗ്ര (ശാരീരിക, മാനസിക, ലൈംഗിക) വിദ്യാഭ്യാസ ബോധവൽക്കരണ പരിപാടികൾ വിദ്യാഭ്യാസ വകുപ്പും സാമൂഹ്യനീതി വകുപ്പും ചേർന്ന് അതിവേഗം നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. കൗമാരകാലഘട്ടത്തിലെ കുട്ടികളിൽ കാണപ്പെടുന്ന ഒരു രോഗാവസ്ഥയാണ് അനീമിയ അഥവാ വിളർച്ച. രക്തത്തിലെ ഹീമോഗ്ലോബിന്റെ കുറവ് ആണ് അനീമിയ. പോഷകാഹാര കുറവിനുപുറമെ ആർത്തവ രക്തത്തിലൂടെ ഇരുമ്പിന്റെ അംശം നഷ്ടപ്പെടുന്നതും പെൺകുട്ടികളിൽ വിളർച്ചയ്ക്ക് കാരണമാണ്. പെൺകുട്ടികളിൽ തുടർച്ചയായുണ്ടാകുന്ന അനീമിയ ഭാവിയിൽ ഗർഭകാല രോഗങ്ങൾക്കും കാരണമാകാറുണ്ട്. ആദിവാസി വനമേഖലയിൽ താമസിക്കുന്ന കുട്ടികളിൽ ഇത് കൂടുതലായി കാണപ്പെടാറുണ്ട്. കൗമാരത്തിൽ ആൺകുട്ടികളുടെ ഭാരവർദ്ധനവ് പ്രധാനമായും പേശികളുടെ വികാസംമൂലമാണ് ഉണ്ടാകുന്നത്. ഇതിന് ഇരുമ്പിന്റെ ആവശ്യമുണ്ട്. സർക്കാർ സ്കൂളുകളിൽ പെൺകുട്ടികൾക്ക് അയൺഗുളിക നല്കിവരുന്നുണ്ട്. ഈ സംരംഭം സ്വാശ്രയ സ്കൂളുകളിലേക്കും ആൺ/പെൺ വ്യത്യാസമില്ലാതെയും വ്യാപിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. സമീപത്തെ പ്രൈമറി ഹെൽത്ത് സെന്ററിന്റെ സേവനം ഉപയോഗപ്പെടുത്തി ഓരോ കുട്ടിയുടെയും ആരോഗ്യ വിവരങ്ങൾ രേഖപ്പെടുത്തിയ ഹെൽത്ത് കാർഡ് നിർബന്ധമായും സ്കൂൾ വർഷാരംഭത്തിൽ എല്ലാ സ്കൂളുകളിലും സൂക്ഷിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇതിലേക്കായി ആരോഗ്യ വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

22. കൗമാരക്കാരായ കുട്ടികളിൽ കാണുന്ന മറ്റൊരു രോഗാവസ്ഥയാണ് ദുർമേദസ്സ് അഥവാ പൊണ്ണത്തടി. ശാരീരിക അദ്ധ്വാനത്തിന്റെ കുറവും പഞ്ചസാരയും കൊഴുപ്പും കലർന്ന ഭക്ഷണത്തിന്റെ ആധിക്യവുമാണ് തടിച്ച ശരീരപ്രകൃതത്തിന്റെ കാരണം. കുട്ടികളെ വശീകരിക്കുന്ന മധുരപാനീയങ്ങളും ചിപ്പുകളും ഐസ്ക്രീമുകളടങ്ങുന്ന ജങ്ക് ഫുഡ്സിന്റെയും ഒരു ശൃംഖല തന്നെ നമ്മുടെ ചുറ്റുമുണ്ട്. ഇത്തരം ജങ്ക് ഫുഡ്സുകളെ കുറിച്ചും അവയുടെ ദോഷഫലങ്ങളെ കുറിച്ചും അതോടൊപ്പം പോഷക സമ്പുഷ്ടവും നമ്മുടെ ചുറ്റുവട്ടത്ത് ലഭ്യമാകുന്നതുമായ ഭക്ഷണങ്ങളുടെ മേന്മയെക്കുറിച്ചും കുട്ടികളിലും മാതാപിതാക്കളിലും അവബോധം സൃഷ്ടിക്കുവാൻ നടപടികളെടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

23. കുട്ടികളിൽ ശ്രദ്ധക്കുറവും അറ്റൻഷൻ ഡെഫിസിറ്റ് ഹൈപ്പർ ആക്ടിവിറ്റി ഡിസോഡർ (ADHD) ഉൾപ്പെടെയുള്ള പെരുമാറ്റ പ്രശ്നങ്ങളും വളർന്നുവരുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. ചെയ്യുന്ന കാര്യങ്ങളിൽ പൂർണ്ണമായി ശ്രദ്ധിക്കാൻ കഴിയാതെ വരിക, ശ്രദ്ധ പെട്ടെന്ന് മാറിപ്പോകുക, എപ്പോഴും ചലിച്ചുകൊണ്ടിരിക്കുക, അമിതവേഗം കാണിക്കുക എന്നിവയാണ് ഈ രോഗാവസ്ഥയുടെ പ്രത്യേകതകൾ. പഠനത്തിൽ മോശമാകാറുള്ള ഇത്തരം കുട്ടികൾ മറ്റുകാര്യങ്ങളിൽ മികവ് പുലർത്താറുണ്ട്. കുട്ടികളിലെ പഠന/പെരുമാറ്റ വൈകല്യങ്ങൾ നേരത്തെ തന്നെ തിരിച്ചറിഞ്ഞ് ആവശ്യമെങ്കിൽ വൈദ്യപരിശോധന ഏർപ്പെടുത്തുന്നതിനും കുട്ടികളിൽ ഉൻമേഷവും ഊർജ്ജവും പ്രദാനം ചെയ്യുന്നതിനും, പരീക്ഷാപേടി മാറ്റുന്നതിനുംവേണ്ടി, മോട്ടിവേറ്ററിന്റെ സേവനം ഉറപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. സാമ്പത്തിക മാന്ദ്യം ലോകമെമ്പാടും വ്യാപിക്കുമ്പോൾ തൊഴിലവസരങ്ങൾ കുറയുകയും തൊഴിൽ ഘടനയിൽ മാറ്റം വരികയും ചെയ്തിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസമേഖലയിലും തൊഴിൽ പരിശീലന മേഖലയിലും ഒട്ടനവധി സീറ്റുകൾ ഓരോ വർഷവും ഒഴിഞ്ഞുകിടക്കാറുണ്ട്. SSLC കഴിഞ്ഞ് ജോലിയില്ലാതെ ചുറ്റിത്തിരിയുന്ന കൗമാരക്കാരായ കുട്ടികൾ നമ്മുടെ സമൂഹത്തിലുണ്ട്. സാമ്പത്തിക പ്രയാസങ്ങൾമൂലം ബുദ്ധിമുട്ടുന്ന ഇത്തരക്കാരെ കണ്ടെത്തി അവരുടെ അഭിരുചിക്കനുസൃതമായ തൊഴിൽ നൈപുണ്യ കോഴ്സുകളിൽ ചേർക്കുന്നതിനും തൊഴിൽ പരിശീലനം നൽകുന്നതിനും ആവശ്യമായ പദ്ധതികൾക്ക് രൂപം നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് മുൻകയ്യെടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25. കൗമാരക്കാരായ കുട്ടികളുടെ ആത്മഹത്യാ നിരക്ക് വളരെയധികം വർദ്ധിച്ചിരിക്കുന്നു. ഇളം മനസ്സുകളുടെ ഭാവമാറ്റങ്ങൾ തിരിച്ചറിയാനും അവർ കടന്നു പോകുന്ന പ്രത്യേക അവസ്ഥകൾ ഉൾക്കൊള്ളാനും ആകുന്നവിധം മുതിർന്നവർ അകക്കണ്ണുകൾ തുറന്നാൽ മാത്രമേ ആത്മഹത്യകളും മറ്റ് പെരുമാറ്റ പ്രശ്നങ്ങളും തടയാൻ

കഴിയൂ. ഗെയിം കളിക്കാൻ വിട്ടില്ല, കൂട്ടുകാരന്റെ മുമ്പിൽ വച്ച് കളിയാക്കി തുടങ്ങി കുട്ടികളെ ആത്മഹത്യയിലേയ്ക്ക് നയിച്ച കാരണങ്ങൾ പലതും മുതിർന്നവരുടെ കണ്ണിൽ നിസ്സാരമാണ്. പക്ഷേ കുട്ടികളുടെ ഭാഗത്ത് നിന്ന് ആലോചിക്കുമ്പോൾ അവർക്ക് അത് നിസ്സാരമല്ല. ശൈശവ ബാല്യങ്ങളുടെയും കൗമാരക്കാരുടെയുമൊക്കെ സഹജ പെരുമാറ്റങ്ങൾക്ക് ചങ്ങലയിട്ട് വീട്ടിൽ ഇരിക്കേണ്ടിവരുന്നതുതന്നെ സംഘർഷങ്ങൾ ഉണ്ടാക്കുന്ന ഘടകമാണ്. ശാരീരികമായ സാമീപ്യത്തെക്കാളുപരി, മക്കളെ ഹൃദയത്തോട് ചേർത്ത് നിർത്തുന്നവരായിരിക്കണം മാതാപിതാക്കൾ.

26. കുട്ടികളുടെ എല്ലാ ആഗ്രഹങ്ങളും നിറവേറ്റി കൊടുക്കാൻ സാധിക്കുകയില്ല. എന്നാൽ എന്തുകൊണ്ട് തങ്ങളുടെ ആഗ്രഹം നിരാകരിക്കുന്നുവെന്ന് ശാന്തമായി അവരെ മനസ്സിലാക്കി കൊടുക്കുകയും വേണം. അതിനുള്ള ആത്മബന്ധം മാതാപിതാക്കളും കുട്ടികളും തമ്മിൽ വളർത്തി എടുക്കണം. സംസ്കാര സമ്പന്നമായ, ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽ ഉന്മേഷവും ആർജ്ജവവുമുള്ള, അരോഗദൃഢഗാത്രരായ, പഠനത്തിലും കായികരംഗങ്ങളിലും മികവ് പുലർത്തുന്ന ഒരു കൗമാരത്തെ നമുക്ക് വാർത്തെടുക്കാം.

പി. അയിഷാ പോറ്റി,

*അദ്ധ്യക്ഷ,*

*സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി*

തിരുവനന്തപുരം,
2021 ജനുവരി 18.

[illegible]

2021

[illegible]